
അഭിമുഖം

# നമ്മുടെ ദൗത്യം പ്രബോധനം



**ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ മുൻ അധ്യക്ഷൻ**
**മൗലാനാ സിറാജുൽ ഹസൻ**
**തന്റെ പ്രബോധന-സംഘടനാ അനുഭവങ്ങൾ പങ്കുവെക്കുന്നു**

? *ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിൽനിന്ന് ഒഴിഞ്ഞ ശേഷം താങ്കളുടെ കർമമേഖല?*

= നേതൃത്വം ഒഴിഞ്ഞെങ്കിലും ജമാഅത്തിന്റെ ലക്ഷ്യത്തിനുവേണ്ടി പണിയെടുക്കേണ്ടത് ജീവിതലക്ഷ്യമാണ്. വായനയിൽ മുഴുകും. ഒപ്പം കർണാടകയുടെ വിവിധ ഭാഗങ്ങളിൽ പ്രബോധനാവശ്യാർഥം യാത്ര തുടരുന്നു.

? *യാത്രയിൽ എന്തൊക്കെ കാര്യങ്ങൾ നിർവഹിക്കും?*

= ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അടിസ്ഥാന ലക്ഷ്യം, ദൈവത്തിന്റെ സന്ദേശം അവന്റെ അടിയാറുകളിൽ എത്തിക്കുക എന്നതാണ്. ഈ ലക്ഷ്യത്തിൽ ഊന്നിയാണ് യാത്രകളധികവും. അന്വേഷണങ്ങൾക്ക് മറുപടി പറയാനും സംശയനിവാരണം നടത്താനും ഈ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു. പ്രവർത്തകരുടെ ചിന്താപരവും ബുദ്ധിപരവുമായ തർബിയത്തിനും ശ്രദ്ധകൊടുക്കുന്നു.

? *താങ്കൾ അഭിമുഖീകരിക്കുന്നവരിൽ സഹോദര സമുദായങ്ങളും പെടുമോ?*

= നമ്മുടെ പരിപാടികളിൽ രണ്ടും ഉൾപെടും.സഹോദര സമുദായങ്ങളെ മാത്രം ഉദ്ദേശിച്ച് പരിപാടി സംഘടിപ്പിക്കാറുണ്ട്. അവരിലെ ആചാര്യന്മാരുമായും നേതാക്കളുമായും അഭിമുഖം നടത്താറുമുണ്ട്.

? *അങ്ങനെയുള്ള പ്രമുഖരുമായി ഇടപഴകിയപ്പോഴുണ്ടായ അനുഭവം?*

= ഈ ബഹുസ്വര സമൂഹത്തിലെ അമുസ്‌ലിം സഹോദരങ്ങൾ പൊതുവെ ഇസ്‌ലാമിനെ തെറ്റിദ്ധരിച്ചവരാണെന്ന ഒരു ധാരണയുണ്ട്. എന്നാൽ എന്റെ കാഴ്ചപ്പാട് മറിച്ചാണ്. നാം അവരെ തെറ്റായി ധരിച്ചിരിക്കുകയാണെന്ന് പറയാനാണ് എനിക്കിഷ്ടം. അതുവെച്ചാണ് നമ്മുടെ ചലനങ്ങളത്രയും. അവർക്ക് ഇസ്‌ലാമിനെയും മുസ്‌ലികളെയും കുറിച്ച് യാതൊരു തെറ്റിദ്ധാരണയുമില്ലന്ന് ഞാൻ പറഞ്ഞല്ലോ. ഇസ്‌ലാമിനെക്കുറിച്ചറിയാതെ വല്ലവരും തെറ്റിദ്ധാരണയിലാണെങ്കിൽ തന്നെ ആരാണതിന്റെ കുറ്റക്കാർ? നാം അവരിൽ ഇസ്‌ലാമിക സന്ദേശം എത്തിച്ചിട്ടില്ല. അതുകൊണ്ട് തന്നെ നമ്മെ നോക്കി അവർ പറയുന്നതിലും കാര്യം കാണും. മനുഷ്യൻ അവൻ അറിയാത്തതിന്റെ ശത്രുവാണ്. തന്നിമിത്തം അമുസ്‌ലിം സഹോദരങ്ങളിൽനിന്ന് ചില വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും ഉണ്ടായെന്നുവരാം. അതിൽ അവരെ കുറ്റപ്പെടുത്തിക്കൂടാ. നമ്മുടെ ദൗത്യം നാം നിർവഹിക്കുക.

**ഈ ബഹുസ്വര സമൂഹത്തിലെ അമുസ്‌ലിം സഹോദരങ്ങൾ പൊതുവെ ഇസ്‌ലാമിനെ തെറ്റിദ്ധരിച്ചവരാണെന്ന ഒരു ധാരണയുണ്ട്. എന്നാൽ എന്റെ കാഴ്ചപ്പാട് മറിച്ചാണ്. നാം അവരെ തെറ്റായി ധരിച്ചിരിക്കുകയാണെന്ന് പറയാനാണ് എനിക്കിഷ്ടം.**

? *ലോകത്ത് ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ നീക്കങ്ങൾ താങ്കളുടെ ശ്രദ്ധയിലുണ്ടാവും. ഇന്ത്യയിലും അതിന്റെ തിരയനക്കങ്ങൾ ശക്തമാണ്. മുസ്‌ലികളുടെ പോരായ്മകൾ ഇതിൽ ഒരു ഘടകമാണ്. എന്നാൽ മറുപക്ഷത്തിന് ഇസ്‌ലാമിനെ കുറിച്ച് പഠിക്കാനുള്ള ബാധ്യതയില്ലേ? താങ്കൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?*

= ഇസ്‌ലാമിനെ അംഗീകരിച്ച നമ്മുടെ ബാധ്യത അതിനെ യഥാവിധി ജനങ്ങളിലെത്തിക്കുക എന്നതാണ്. ഈ ദൗത്യം നിർവഹിക്കുന്നതിൽ നാം പരാജയപ്പെട്ടിട്ടുണ്ട്. ഈ സന്ദേശം സ്വയം ഉൾകൊള്ളുന്നതോടൊപ്പം അമുസ്‌ലിം സഹോദരങ്ങളുമായി ബന്ധം തുടരേണ്ടതാണ്. നമ്മെ അടുത്തറിയാനുള്ള ഉത്തരവാദിത്വം സഹോദര സമുദായത്തിനുണ്ടെന്നത് ശരിതന്നെ. എങ്കിലും അതിനുള്ള അവസരം നാം സൃഷ്ടിക്കണം. അപ്പോൾ മാത്രമേ അവർക്ക് അതിന് വഴിയൊരുങ്ങുകയുള്ളൂ.

? *മൗലാന അബുല്ലൈസ് സാഹിബ് 32 വർഷം ജമാഅത്ത് സാരഥ്യം വഹിച്ചിട്ടുണ്ട്. അതിനു ശേഷം കൂടുതൽ കാലം (13 വർഷം) ഈ സ്ഥാനത്തിരുന്നത് താങ്കളാണല്ലോ. ആ കാലത്തെ കുറിച്ച ഓർമകൾ?*

= എന്റെ കാലത്തെ ഏതെങ്കിലും സവിശേഷത എടുത്തുപറയാൻ ഞാനാളല്ല. എന്നാൽ സഹോദര സമുദായങ്ങൾക്കിടയിൽ ഇസ്‌ലാം എത്തിക്കാൻ പരമാവധി ശ്രമം നടത്തി എന്നു വേണമെങ്കിൽ ചുരുക്കി പറയാം. അതാകട്ടെ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഉള്ള പ്രവർത്തകരുടെ സഹകരണത്തോടെയാണ് നടത്താൻ സാധിച്ചത്.

? *കന്നട ഭാഷയിൽ ഖുർആൻ തർജമ പുറത്തിറക്കിയപ്പോൾ ആ ഭാഷയിലെ*

*കവികളും സാഹിത്യകാരന്മാരും ധാരാളം പങ്കെടുത്തിരുന്നല്ലോ. അവരിൽ പലരും അന്ന് ഈ സന്ദേശം എന്തുകൊണ്ട് ഇന്നേവരെ തങ്ങളിൽ നിന്ന് മറച്ചുവെച്ചു എന്ന ഗൗരവതരമായ ചോദ്യം ഉന്നയിച്ചിരുന്നു?*


= രാജ്യനിവാസികൾ പല ഭാഗത്തുനിന്നും ഇതേ ചോദ്യം നമ്മോട് നിരന്തരം ചോദിക്കുന്നുണ്ട്. അക്ഷരാഭ്യാസമുള്ള ആളുകൾക്ക് ഖുർആൻ പരിഭാഷയോ ഇസ്ലാമിക സാഹിത്യങ്ങളോ എത്തിച്ചുകൊടുത്താൽ പലരുടെയും ആദ്യ പ്രതികരണം ഹൊ, ഇതേവരെ ഈ സന്ദേശം എന്തുകൊണ്ട് നിങ്ങൾ ഞങ്ങളെ അറിയിച്ചില്ല എന്നാണ്.

ഒരു സംഭവം ഓർക്കുന്നു. ഇബ്റാഹീം സഈദ് കർണാടക ജമാഅത്ത് ഘടകത്തിന്റെ ഉത്തരവാദിത്വം ഏറ്റ ശേഷം മിക്ക പ്രദേശങ്ങളിലും ഖുർആൻ പഠനക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. സഹോദര സമുദായങ്ങളെ ഉദ്ദേശിച്ച് തൗഹീദ്, രിസാലത്ത്, ആഖിറത്ത് എന്നീ വിഷയങ്ങളിൽ ത്രിദിന പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്ന പതിവുണ്ടായിരുന്നു. കുറേ വർഷം ഇത് നടന്നു. അങ്ങനെ ചിക്മംഗ്ളൂരിൽ ഒരു ക്ലാസ് സംഘടിപ്പിച്ചപ്പോൾ പ്രവർത്തകർ പ്രദേശത്തെ സെഷൻസ് ജഡ്ജിയെ ക്ഷണിച്ചു. പ്രവർത്തകരോട് കയർത്ത അദ്ദേഹം ഇസ്ലാമിനെയും മുസ്ലിംകളെയും വളരെ മോശമായി ചിത്രീകരിച്ചുകൊണ്ട് സംസാരിച്ചു. പ്രവർത്തകർ എല്ലാം ക്ഷമാപൂർവം കേട്ടു. തിരിച്ചുപോരുമ്പോഴും അദ്ദേഹത്തോട് പരിപാടിക്ക് വരണം എന്നഭ്യർഥിച്ചു. ഒടുവിൽ വരാമെന്ന് അദ്ദേഹം ഏറ്റു. പരിപാടിയിൽ അദ്ദേഹം മൂന്നു ദിവസം തുടർച്ചയായി പങ്കെടുത്തു. അവസാന ദിവസം പരിപാടി സമാപിച്ചപ്പോൾ സെഷൻസ് ജഡ്ജി സ്റ്റേജിൽ കയറി വന്ന് ഇബ്റാഹീം സഈദിന്റെ കാൽക്കൽ വീണ് ഖേദം പ്രകടിപ്പിച്ചു. പ്രവർത്തകർ ആദരപൂർവം അദ്ദേഹത്തെ യാത്രയയച്ചു. ഈ സംഭവം ഒറ്റപ്പെട്ടതോ ആദ്യത്തേതോ അല്ല. ഈ സന്ദേശം കേൾക്കാൻ അവസരം ഉണ്ടായാൽ ആരും മാന്യമായി പ്രതികരിക്കും.

? *താങ്കളുടെ വായനാ താൽപര്യം, രീതി?*

= എനിക്ക് ചരിത്രത്തോടാണ് താൽപര്യം. രാഷ്ട്രമീമാംസയും സാമൂഹിക സാംസ്കാരിക വിഷയങ്ങളും വായനയുടെ ഭാഗമാണ്. പ്രബോധന വിഷയങ്ങളും പ്രസ്ഥാന ഗ്രന്ഥങ്ങളും വായന

**ഒരു വ്യവസ്ഥാപിത സംഘടന എന്ന നിലയിൽ രാജ്യനിവാസികൾ ജമാഅത്തിനെ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. രാജ്യത്ത് ജമാഅത്തിനോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്ന ധാരാളം പേരുണ്ട്. എന്തായാലും വിപത്തുണ്ടാക്കുന്ന ഒരു സംഘമല്ലെന്ന് ജനതക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.**



ഇബ്റാഹീം സഈദ്

യിൽ ഉൾപ്പെടുത്തും. വാർത്താമാധ്യമങ്ങളും ശ്രദ്ധിക്കും.

? *2001 സെപ്റ്റംബർ 11 ലെ സംഭവത്തെ എങ്ങനെ വിലയിരുത്തുന്നു?*

= ഈ സംഭവവും സമാന സംഭവങ്ങളും എന്നെ ഓർമിപ്പിക്കുന്നത് ഒരു പ്രവാചക വചനമാണ്. അതെ, ഭക്ഷണത്തളികയിൽ ആളുകൾ കൈയിട്ടുവാരുന്നതു പോലെ സമൂഹം നിങ്ങളെ കൈകാര്യം ചെയ്യുന്ന ഒരു കാലം വരും. തങ്ങളുടെ അംഗസംഖ്യ അന്ന് കുറവാകുമോ എന്ന അനുചരന്മാരുടെ ചോദ്യത്തിന് അന്ന് നിങ്ങൾ എണ്ണത്തിൽ കൂടുതലായിരിക്കും എന്ന് നബി(സ) മറുപടി പറഞ്ഞു. പക്ഷേ മലവെള്ളത്തിൽ ഒലിച്ചിറങ്ങുന്ന ചപ്പുചവറുകൾക്ക് സമാനമായിരിക്കും നിങ്ങൾ. ദൈവം നിങ്ങളുടെ ശത്രുക്കളുടെ മനസ്സിൽ നിന്ന് ഭയം ഇല്ലാതാക്കും. നിങ്ങളാവട്ടെ ദൗർബല്യം ബാധിച്ചവരുമായിരിക്കും. എന്തായിരിക്കും ദൗർബല്യം എന്ന് ചോദിച്ചതിന് നബിയുടെ മറുപടി ഇതായിരുന്നു: 'ഭൗതിക പ്രേമവും മരണത്തോടുള്ള വെറുപ്പും.' എന്റെ വീക്ഷണത്തിൽ സമുദായത്തിന് സംജാതമായിരിക്കുന്നത് ഈ അവസ്ഥയാണ്.

? *1992-ൽ ജമാഅത്തിനെ നിരോധിച്ചപ്പോൾ താങ്കളായിരുന്നല്ലോ അഖിലേന്ത്യാ അധ്യക്ഷൻ. ബാബരി മസ്ജിദ് ധ്വംസനം നടന്ന പശ്ചാത്തലത്തിലായിരുന്നു ആ നിരോധം. ഈ സമയത്തും താങ്കൾ സഹോദര സമുദായത്തിലെ പ്രധാന വ്യക്തികളെ കണ്ടിരുന്നോ?*

= ബാബരി മസ്ജിദിന്റെ രക്തസാക്ഷിത്വത്തിന് ശേഷം ഒരു ഭാഗത്ത് സ്വാഭാവികമായും മുസ്ലികളുടെ രോഷവും സങ്കടവും പ്രതിഷേധവും നടന്നു. മറ്റൊരു ഭാഗത്ത് ദഅ്വത്ത് പ്രവർത്തകർ തങ്ങളുടെ ഡ്യൂട്ടി അഭംഗുരം തുടരുകയായിരുന്നു. അത് പൂർവോപരി ശക്തമാക്കണമെന്നും അവർ കണ്ടറിഞ്ഞു. എന്നാൽ മസ്ജിദിന്റെ പതന ശേഷം കാരണമില്ലാതെ ജമാഅത്ത് നിരോധിക്കപ്പെട്ടു. ജമാഅത്തിനാകട്ടെ മേൽസംഭവവുമായി ഒരു ബന്ധവുമില്ലന്ന് എല്ലാവർക്കുമറിയാം. എങ്കിലും പ്രവർത്തകർ തങ്ങളുടെ ദൗത്യം ശക്തമായി തുടർന്നു. ദഅ്വത്ത് രംഗത്താണ് ആ പ്രക്ഷുബ്ധ ഘട്ടത്തിൽ ജമാഅത്ത് പ്രവർത്തകർ ശ്രദ്ധ ഊന്നിയത്. ഞങ്ങൾ രാജ്യത്തെ ബുദ്ധിജീവികളെയും രാഷ്ട്രീയ നേതൃത്വത്തെയും കണ്ട് സംഭവവികാസങ്ങൾ ധരിപ്പിച്ചു. ചിലർക്ക് കാര്യങ്ങൾ ബോധ്യപ്പെട്ടു. മറ്റുചിലരാകട്ടെ മൗനം പൂണ്ടു.

? *സാമുദായിക വടംവലിക്ക് അറുതിവരുത്താൻ സയ്യിദ് മൗദൂദി എത്ര ശക്തിയായി ആവശ്യപ്പെട്ടോ അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പ്രസ്ഥാനം നൽകിയില്ലന്ന് അഭിപ്രായമുണ്ടോ?*

= ഇതിൽ ശരിയുണ്ടാവാം. മൗലാനാ മൗദൂദി അതിശക്തമായാണ് ഈ വിഷയത്തെ നോക്കിക്കണ്ടത്. അതിനെ നേരിട്ടതും അങ്ങനെ തന്നെ. വിഭജനാനന്തരം ജമാഅത്ത് അടിയന്തരവും ചടുലവുമായ നീക്കങ്ങൾ ഈ വിഷയത്തിൽ നടത്തുകയുണ്ടായി. എന്നാൽ അന്നത്തെ സ്ഥിതിഗതികൾ തികച്ചും സംഘർഷഭരിതമായിരുന്നു. നിയന്ത്രണാതീതവും. അതിനെ നിയന്ത്രിക്കുക മുസ്ലിം നേതൃത്വത്തിന്റെ പ്രഥമ ബാധ്യതയുമായിരുന്നു. എന്നാൽ അടുക്കാൻ പറ്റാത്തവിധം സംഘർഷത്തിന്റെ ചൂട് കടുത്തതായിരുന്നു. ഈ സംഘർഷ സ്ഥിതിയെ നിയന്ത്രിക്കാൻ ഒരു പാർട്ടിക്കും കഴിയാതെ പോയി. അതിന്റെ തിക്തഫലം നമ്മുടെ പ്രവർത്തനത്തെയും ബാധിച്ചു. അല്ലാതെ മൗദൂദി

യുടെ ഉപദേശങ്ങൾ അവഗണിച്ചതല്ല കാര്യം.

? *പ്രസ്ഥാനത്തിന്റെ വ്യാപനം ഉദ്ദേശിച്ച് താങ്കളുടെ കാലത്ത് രാജ്യത്തിന്റെയും സമുദായത്തിന്റെയും പ്രശ്നങ്ങളിൽ അതീവ താൽപര്യമെടുത്തിരുന്നു. പ്രമുഖ നേതാക്കളെ കണ്ട് പ്രശ്നങ്ങൾ ചർച്ച ചെയ്തു. ആൾ ഇന്ത്യാ മുസ്‌ലിം മുശാവറയെ ശക്തിപ്പെടുത്താൻ ശ്രമങ്ങളുണ്ടായി. കൂടാതെ വ്യത്യസ്ത വ്യക്തിത്വങ്ങളെ ഉൾകൊള്ളിച്ച് എഫ്. ഡി.സി.എക്ക് രൂപം നൽകി. ഈ ശ്രമങ്ങൾ എത്രകണ്ട് ഫലം ചെയ്തു?*

= അങ്ങനെയൊരു ശ്രമം ആരംഭിച്ചിരുന്നു. നല്ല കാൽവെപ്പുകളോടെ ത്വരിതഗതിയിൽ മുന്നോട്ടു പോകാൻ പറ്റിയില്ല. കാരണം പുതുവഴിക്ക് നീങ്ങുമ്പോൾ പുതിയ പ്രശ്നങ്ങളുണ്ടാവും.

? *ഇപ്പോൾ താങ്കളുടെ പ്രത്യേക ശ്രദ്ധ സാമുദായിക കാര്യങ്ങൾ വിട്ട് പ്രബോധന മേഖലയായതിന്റെ നിമിത്തം?*

= സഹോദര സമൂഹത്തിന് ദഅ്വത്ത് എത്തിക്കുന്നതിൽ വേഗത വേണം. എന്റെ വണ്ടി ആ വഴിയിൽ നീങ്ങുന്നു. അതിന്റെ സ്പീഡ് ഇനിയും കൂട്ടേണ്ടതുണ്ട്.

? *1941ൽ മൗലാനാ മൗദൂദി രൂപം നൽകിയ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രധാന ലക്ഷ്യം അമുസ്‌ലിംകളിലെ പ്രബോധനവും (ദഅ്വത്ത്) മുസ്‌ലികളുടെ സംസ്കരണവും (ഇസ്‌ലാഹ്) ആയിരുന്നല്ലോ. എന്നാൽ താങ്കൾ നേതൃപദവിയിലിരുന്നപ്പോൾ 'മില്ലി'(സാമുദായിക) പ്രശ്നങ്ങളിൽ ശ്രദ്ധപതിപ്പിച്ച് കണ്ടു. മുമ്പ് ജമാഅത്ത് അത്തരം കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചിരുന്നുമില്ല. മറ്റൊന്ന് അക്കാലത്ത് സംവരണ പ്രശ്നങ്ങളിൽ ജമാഅത്ത് പ്രത്യേക ശ്രദ്ധ കൊടുത്തതാണ്. മൗലാനാ ഹാമിദ് സാഹിബ്, മൗലാനാ ശിഹാബുദ്ദീൻ സാഹിബ്, മൗലാനാ മൂനിസ് സാഹിബ് എന്നിവർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തി?*

= അതിൽ വൈപരീത്യം ഒന്നും കാണേണ്ടതില്ല. ഇസ്‌ലാമിക സന്ദേശ പ്രചാരണത്തോടൊപ്പം സമുദായത്തെയും കൈപിടിച്ചുയർത്തുക. അത്തരം ആളുകളെയും പിന്നീട് പ്രബോധന വിഷയത്തിൽ ഉപയോഗപ്പെടുത്താമല്ലോ. സമുദായത്തിന്റെ ഉണർവിന് അവരുടെ പ്രശ്നങ്ങളിലും ശ്രദ്ധപതിപ്പിക്കണം. 'മുസ്‌ലിം' പ്രശ്നങ്ങളെ പ്രബോധന പ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ കാണണം.

**സഹോദര സമൂഹത്തിന് ദഅ്വത്ത് എത്തിക്കുന്നതിൽ വേഗത വേണം. എന്റെ വണ്ടി ആ വഴിയിൽ നീങ്ങുന്നു. അതിന്റെ സ്പീഡ് ഇനിയും കൂട്ടേണ്ടതുണ്ട്.**

? *സാമൂഹികവും സാമുദായികവുമായ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചപ്പോൾ അതിന്റെ ഫലമുണ്ടായിട്ടുണ്ട്. എന്നാൽ കുറെ സാമുദായിക സംഘടനകൾ ഇടക്കാലത്ത് മുളച്ചു പൊന്തി. മുജാഹിദുൽ ഇസ്‌ലാം ഖാസിമിയുടെ 'മില്ലി കൗൺസിൽ' ഉദാഹരണം?*

= മില്ലികൗൺസിലിന്റെ രൂപീകരണവേളയിൽ മുജാഹിദുൽ ഇസ്‌ലാമും ഡോ. മൻസൂർ ആലം സാഹിബും എന്റെ അടുക്കൽ വന്നിരുന്നു. മൗലാനാ അലീമിയാന്റെ ഒരു കത്തും അവർ തന്നു. മുംബൈയിൽ നടക്കുന്ന ഒരു കൺവെൻഷനിൽ മില്ലി കൗൺസിൽ രൂപീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്താനായിരുന്നു ഇവരുടെ സന്ദർശനം. ഞാൻ ഈ മഹദ്‌വ്യക്തികളോട് ചോദിച്ചു, 'നിങ്ങൾ ലക്ഷ്യം വെക്കുന്ന അതേ കാര്യങ്ങൾക്കൊക്കെ വേണ്ടിയല്ലേ മുസ്‌ലിം മജ്‌ലിസെ മുശാവറ പ്രവർത്തിക്കുന്നത്? ഇനിയും ഒരു സംഘടന വേണോ?' 'അത് മൃതപ്രായമാണ്, സജീവമല്ല' എന്നൊക്കെയായിരുന്നു അവരുടെ പ്രതികരണം. രൂപീകരിക്കാൻ പോകുന്ന സംഘടനയിൽ ഉണ്ടാകുമെന്ന് എഴുതിച്ചേർത്ത അതേ ആളുകൾ തന്നെയാണ് മുസ്‌ലിം മജ്‌ലിസെ മുശാവറയിലുമുണ്ടായിരുന്നത്. അവർ അവിടെ ഒന്നും ചെയ്യുന്നില്ലെങ്കിൽ ഇനി ഈ പുതിയ സംഘടനയിൽ സജീവമായി പ്രവർത്തിക്കുമോ എന്ന സംശയം ഞാൻ ഉന്നയിച്ചു.

അതിനു ശേഷം ലക്നൗവിൽ മുസ്‌ലിം പേഴ്സണൽ ലോ ഒരു യോഗം ചേർന്നു. മൗലാനാ അലിമിയാൻ, മൗലാന നിസാമുദ്ദീൻ, ബനാത്ത് വാല, ഇബ്റാഹീം സുലൈമാൻ സേഠ് തുടങ്ങിയ പ്രമുഖർ അതിൽ പങ്കെടുത്തു. അന്നേരം മില്ലി കൗൺസിലിനെ കുറിച്ച് നടന്ന ചർച്ചയിൽ ബനാത്ത് വാല പറഞ്ഞത്, മില്ലി കൗൺസിലിനെ എന്തിനെതിർക്കണം അവർ പ്രവർത്തിക്കട്ടെ എന്നാണ്. ഞാനതിന് മറുപടിയും പറഞ്ഞു. സേട്ട് സാഹിബിനോടും എന്തിനാണ് മില്ലി കൗൺസിൽ, അവരുടെ പരിപാടിയെന്താണ് എന്ന് ഞാൻ ചോദിച്ചു. അദ്ദേഹത്തിനും വ്യക്തമായ മറുപടി ഉണ്ടായിരുന്നില്ല.

? *1951 മുതൽ താങ്കൾക്ക് ജമാഅത്തുമായി ബന്ധമുണ്ട്. 13 വർഷത്തോളം അതിന്റെ നേതൃത്വവും കൈയാളി, അതു കഴിഞ്ഞ് ആറു വർഷം പിന്നെയും കടന്നുപോയി. തിരിഞ്ഞുനോക്കുമ്പോൾ എന്തു തോന്നുന്നു.?*

= ഒരു വ്യവസ്ഥാപിത സംഘടന എന്ന നിലയിൽ രാജ്യനിവാസികൾ ജമാഅത്തിനെ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. രാജ്യത്ത് ജമാഅത്തിനോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്ന ധാരാളം പേരുണ്ട്. എന്തായാലും വിപത്തുണ്ടാക്കുന്ന ഒരു സംഘമല്ലെന്ന് ജനതക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്രസ്ഥാനത്തിന്റെ പ്രവർത്തകർ ശാന്തിയും സമാധാനവും ആഗ്രഹിക്കുന്നവരും നിയമവ്യവസ്ഥയെ അംഗീകരിക്കുന്നവരുമാണ്. ഇത് സാമാന്യ ജനത്തിനുമറിയാം. അതിനാലാണ് ചില കേന്ദ്രങ്ങൾ പടച്ചുവിടുന്ന അർധ സത്യങ്ങളും അനാവശ്യ ആരോപണങ്ങളും ബഹുജനം തള്ളിക്കളയുന്നത്. അതോടൊപ്പം നമുക്ക് അടങ്ങിയിരിക്കാനാവില്ല. നാം നേടിയെടുത്തിട്ടുള്ള ഇമേജ് കാത്തുസൂക്ഷിക്കാൻ ജനസഞ്ചയത്തോടൊപ്പം നാം നിൽക്കേണ്ടതുണ്ട്. അതിന് പറ്റിയ സന്ദർഭം തന്നെയാണിത്. നാം നേടിയെടുത്ത ബഹുജനാഭിപ്രായം പരമാവധി ഉപയോഗപ്പെടുത്തി പ്രബോധന പ്രവർത്തനങ്ങൾ പൂർവോപരി ശക്തിപ്പെടുത്തണം.

(ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ അറുപത് വർഷങ്ങൾ എന്ന ശീർഷകത്തിൽ *ദഅ്വത്ത്* പുറത്തിറക്കിയ പ്രത്യേക പതിപ്പിൽ (2009)നിന്ന്). ■

**വിവ: സഈദ് മുത്തനൂർ**